# മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ

**മുളന്തുരുത്തി-വെട്ടിക്കൽ**
**(സെന്റ് ഗ്രീഗോറിയോസ് നഗർ)**
**ആഗസ്റ്റ് 27, 2026**

**<u>അസോസിയേഷൻ അംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ</u>**

1. അസോസിയേഷൻ അംഗങ്ങൾ, കേന്ദ്ര ഓഫീസിൽ നിന്ന് പള്ളികളിലെ നിലവിലുള്ള വികാരിക്ക് നൽകിയിരിക്കുന്ന അധികാരപത്രം പൂരിപ്പിച്ചത് പ്രധാന കവാടത്തിൽ കാണിച്ച് യോഗസ്ഥലത്തേക്ക് പ്രവേശിച്ച് രജിസ്ട്രേഷൻ പൂർത്തീകരിക്കേണ്ടതാണ്.

2. രജിസ്ട്രേഷൻ രാവിലെ 8.30 മണിക്ക് ആരംഭിച്ച് 12 മണിക്ക് അവസാനിക്കുന്നതാണ്. ഇതിനായി 43 കൗണ്ടറുകൾ പ്രത്യേകം ക്രമീകരിക്കുന്നതാണ്. രജിസ്ട്രേഷൻ നടത്തുന്നവർക്കു മാത്രമേ വോട്ടവകാശം ഉണ്ടായിരിക്കുകയുള്ളു. രജിസ്ട്രേഷൻ കൗണ്ടറിൽ നിന്ന് ബാഡ്ജ്, ഫുഡ് കൂപ്പൺ എന്നിവ നൽകുന്നതാണ്. വോട്ടു ചെയ്യുന്നതിനുവേണ്ടി പോളിംഗ് ബൂത്തിൽ എത്തുമ്പോൾ ബാഡ്ജ് കാണിച്ച് പഞ്ച് ചെയ്യേണ്ടതാണ്.

3. അതിനുശേഷം ഉച്ചഭക്ഷണത്തിനുള്ള സൗകര്യം സ്കൂൾ ഓപ്പൺ ഓഡിറ്റോറിയത്തിൽ ക്രമീകരിക്കുന്നതാണ്. ബാഡ്ജ് ധരിച്ച് ഓഡിറ്റോറിയത്തിൽ പ്രവേശിക്കുന്നവർക്ക് രാവിലെ 10 മണി മുതൽ ഉച്ചഭക്ഷണം ലഭിക്കുന്നതാണ്. അംഗങ്ങൾ 12.30-ന് മുമ്പ് യോഗം നടക്കുന്ന മാർ ഗ്രീഗോറിയോസ് നഗറിൽ പ്രവേശിച്ച് നിശ്ചിത സ്ഥാനങ്ങളിൽ ഇരിക്കേണ്ടതാണ്. 12 മണിക്ക് ശേഷം ഭക്ഷണശാലയിൽ പ്രവേശനം ഉണ്ടായിരിക്കുന്നതല്ല.

4. അസോസിയേഷൻ നടക്കുന്ന മാർ ഗ്രീഗോറിയോസ് നഗറിൽ മാനേജിംഗ് കമ്മറ്റി അംഗങ്ങൾ, വൈദികർ എന്നിവർക്ക് പ്രത്യേകമായും, പള്ളി പ്രതിപുരുഷന്മാർക്ക് മെത്രാസനാടിസ്ഥാനത്തിലും ഇരിപ്പിടം ക്രമീകരിക്കുന്നതാണ്. അതിനനുസരണമായി വോളണ്ടിയറന്മാരുടെ സഹായത്തോടുകൂടി നിശ്ചിത സ്ഥാനങ്ങളിൽ 12.30-നകം ഇരിക്കേണ്ടതാണ്.

5. ഒരു അസോസിയേഷൻ അംഗത്തിന് ഒന്നിൽ കൂടുതൽ സ്ഥാനങ്ങളെ പ്രതിനിധീകരിച്ച് വോട്ടു ചെയ്യുവാനുള്ള അവകാശം ഇല്ല. മാനേജിംഗ് കമ്മറ്റി അംഗങ്ങൾ പള്ളി പ്രതിപുരുഷന്മാരായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെങ്കിലും, മാനേജിംഗ് കമ്മറ്റി അംഗമെന്ന നിലയിൽ മാത്രം രജിസ്റ്റർ ചെയ്യുകയും വോട്ടു രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

   ഒന്നിൽ കൂടുതൽ പള്ളികളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വൈദികർ മെത്രാസനങ്ങളിൽ ആദ്യം വരുന്ന ക്രമനമ്പരനുസരിച്ച് രജിസ്ട്രേഷൻ നടത്തുകയും വോട്ടു രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

6. മാനേജിംഗ് കമ്മറ്റിയിലെ നോമിനേറ്റ് ചെയ്യപ്പെട്ടിട്ടുള്ള അംഗങ്ങൾക്ക് മലങ്കര അസോസിയേഷനിൽ തെരഞ്ഞെടുക്കപ്പെടേണ്ട ഏതെങ്കിലും സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിന് അവകാശമുണ്ടായിരിക്കുന്നതല്ല. അവർ രജിസ്ട്രേഷൻ നടത്തേണ്ടതാണെങ്കിലും വോട്ടേഴ്സ് ലിസ്റ്റിൽ അവരുടെ പേരുകൾ ഉണ്ടായിരിക്കുന്നതല്ല. ഇടവക പള്ളികളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള നോമിനേറ്റഡ് മാനേജിംഗ് കമ്മറ്റി അംഗങ്ങൾക്ക് ഇടവക പള്ളിയെ പ്രതിനിധീകരിച്ച് വോട്ടു ചെയ്യാവുന്നതാണ്.

7. പോളിംഗ് ബൂത്തിൽ ഓരോന്നിലും നാല് ഓഫീസറന്മാർ വീതം ഉണ്ടായിരിക്കുന്നതാണ്, ഒരു പ്രിസൈഡിംഗ് ഓഫീസറും മൂന്ന് പോളിംഗ് ഓഫീസറന്മാരും.

8. വൈദികർക്കും, അയ്മനികൾക്കുമുള്ള ബാലറ്റു പേപ്പർ രണ്ട് നിറങ്ങളിലായിരിക്കും, ഓരോ പോളിംഗ് ബൂത്തിലും രഹസ്യവോട്ടു ചെയ്യുവാനുള്ള ക്രമീകരണം ഉണ്ടായിരിക്കും. വൈദികർക്കും, അൽമായർക്കും പ്രത്യേകം ബാലറ്റ് ബോക്സും ക്രമീകരിക്കും. വോട്ട് രേഖപ്പെടുത്തേണ്ട കോളത്തിൽ ⊕ മാർക്ക് ചെയ്ത് വോട്ട് ചെയ്യേണ്ടതാണ്. മറ്റ് അടയാളങ്ങൾ ഉപയോഗിക്കാൻ പാടുള്ളതല്ല. മറ്റ് ചിഹ്നങ്ങൾ ഉപയോഗിച്ചാൽ ടി വോട്ട് അസാധുവായി പരിഗണിക്കുന്നതാണ്.

9. E Voting നിർദ്ദേശിച്ചിരിക്കുന്ന അസോസിയേഷൻ അംഗങ്ങൾക്ക് 26-08-2026 ഇന്ത്യൻ സമയം വൈകുന്നേരം 5 മണി മുതൽ അസോസിയേഷൻ യോഗത്തിൽ പങ്കെടുക്കുവാനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കുന്നതാണ്. 27-08-2026 ഉച്ചയ്ക്ക് ഇൻഡ്യൻ സമയം 11 മണിവരെയുള്ള സമയത്ത് രജിസ്ട്രേഷൻ നടത്തേണ്ടതാണ്. സമയം അവസാനിച്ചാൽ പിന്നീട് ആർക്കും രജിസ്റ്റർ ചെയ്യാനാവില്ല. രജിസ്റ്റർ ചെയ്യാത്തവർക്ക് പിന്നീട് വോട്ട് ചെയ്യുവാനും സാധിക്കയില്ല. വിദേശത്തുള്ളവരുടെ വോട്ടിംഗ് ഓൺലൈനായിരിക്കും. അധ്യക്ഷൻ തെരഞ്ഞെടുപ്പ് ഔദ്യോഗികമായി പ്രഖ്യാപിച്ചു കഴിഞ്ഞാൽ, രജിസ്റ്റർ ചെയ്ത അംഗങ്ങൾക്ക് തങ്ങളുടെ മൊബൈൽ നമ്പറും ഇ-മെയിലിൽ ലഭിക്കുന്ന ഒടിപിയും (OTP) ഉപയോഗിച്ച് ഓൺലൈൻ വോട്ടിംഗ് പോർട്ടലിൽ (www.mosc2026.org) ലോഗിൻ ചെയ്യാവുന്നതാണ്. ലോഗിൻ ചെയ്ത ശേഷം 'Start Voting' എന്ന ബട്ടണിൽ ക്ലിക്ക് ചെയ്ത് ഇലക്ട്രോണിക് ബാലറ്റ് ലഭ്യമാക്കാം. ഇതിൽ 6 സ്ഥാനാർത്ഥികളുടെയും പേരുകൾ അക്ഷരമാലാ ക്രമത്തിൽ കാണാവുന്നതാണ്. ഓരോ അംഗത്തിനും പരമാവധി 4 സ്ഥാനാർത്ഥികൾക്കുവരെ തങ്ങളുടെ സമ്മതിദാനാവകാശം രേഖപ്പെടുത്താവുന്നതാണ്. 4-ൽ കൂടുതൽ സ്ഥാനാർത്ഥികളെ തിരഞ്ഞെടുക്കുവാൻ സിസ്റ്റം അനുവദിക്കില്ല. വോട്ട് സമർപ്പിക്കുന്നതിന് മുൻപായി, രേഖപ്പെടുത്തിയ പേരുകൾ പരിശോധിക്കുവാനും ആവശ്യമെങ്കിൽ മാറ്റങ്ങൾ വരുത്തുവാനും അംഗങ്ങളെ അനുവദിക്കുന്ന ഒരു സ്ഥിരീകരണ പേജ് (confirmation page) ലഭ്യമാകും. ബാലറ്റ് വിജയകരമായി സമർപ്പിച്ചുകഴിഞ്ഞാൽ, അംഗങ്ങളുടെ വോട്ട്, ഇ-വോട്ട് (eVote) സംവിധാനത്തിൽ സുരക്ഷിതമായി രേഖപ്പെടുത്തിയ വിവരം അറിയിച്ചുകൊണ്ട് അംഗങ്ങൾക്ക് ഒരു സ്ഥിരീകരണ ഇ-മെയിൽ ലഭിക്കും. വോട്ടിംഗ് ആരംഭിക്കുന്നതിന് മുൻപായി, വോട്ടിംഗ് പ്രക്രിയയുടെ സമയദൈർഘ്യം (duration) എത്രയായിരിക്കുമെന്ന് അധ്യക്ഷൻ തീരുമാനിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യും. (ഇ-വോട്ടിനായി പരിഗണിച്ചിരിക്കുന്നവരുടെ ലിസ്റ്റ് മുൻകൂട്ടി പ്രസിദ്ധീകരിക്കുന്നതാണ്. ആ ലിസ്റ്റിൽ പേരുള്ളവർ അസോസിയേഷൻ സ്ഥലത്ത് ഹാജരാണ് എങ്കിൽ പോലും ഇ-വോട്ട് തന്നെ ചെയ്യേണ്ടതാണ്. അവർക്ക് ബാലറ്റ് പേപ്പറുകൾ നൽകുന്നതല്ല.)

10 തിരഞ്ഞെടുപ്പ് ഹൈബ്രിഡ് മോഡലിൽ (ഫിസിക്കൽ ബാലറ്റ് & ഓൺലൈൻ ബാലറ്റ്) ഉപയോഗിച്ച് നടത്തുന്നതുകൊണ്ട്, രണ്ട് രീതിയിൽ നിന്നുമുള്ള എല്ലാ വോട്ടുകളും എണ്ണിത്തിട്ടപ്പെടുത്തിയതിനു ശേഷമേ അന്തിമ ഫലം പ്രഖ്യാപിക്കുകയുള്ളു. ഓരോ സ്ഥാനാർത്ഥിക്കും ആകെ ലഭിച്ച വോട്ടുകൾ കാണിക്കുന്ന ഒരു ഏകീകൃത ഫലഷീറ്റ് (consolidated result sheet) ഇലക്ടറൽ ഓഫീസർ തയ്യാറാക്കുന്നതായിരിക്കും. ഫിസിക്കൽ ബാലറ്റുകൾക്കും ഓൺലൈൻ ബാലറ്റുകൾക്കുമായി പ്രത്യേക ഫലഷീറ്റുകൾ തയ്യാറാക്കുന്നതല്ല.

11. അസോസിയേഷൻ യോഗം സഭയുടെ ഔദ്യോഗിക മീറ്റിംഗ് ആയതിനാൽ യോഗത്തിൽ പ്രസിഡന്റു തിരുമേനി തെരഞ്ഞെടുപ്പ് ഫലം ഔദ്യോഗികമായി പ്രഖ്യാപിക്കുന്നതൊഴികെ മറ്റ് യോഗ നടപടികൾ ഒന്നും ഫോണിലൂടെയോ, മറ്റു മാർഗ്ഗങ്ങളിലൂടെയോ സംപ്രേക്ഷണം ചെയ്യുകയോ, റിക്കാർഡു ചെയ്യുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

എല്ലാവരുടേയും സഹകരണം പ്രതീക്ഷിച്ചുകൊള്ളുന്നു.

**അഡ്വ. ബിജു ഉമ്മൻ**
അസോസിയേഷൻ സെക്രട്ടറി

കാതോലിക്കേറ്റ് ഓഫീസ്
ദേവലോകം
03-08-2026